**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2881** **18-03-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ഭൂമി ഏറ്റെടുക്കുമ്പോളുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ ഭൂമി നാഷണൽ ഹൈവേയുടെയും മറ്റ് പ്രധാന റോഡുകളുടെയും വികസനത്തിനായി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ദേവസ്വങ്ങളുടെ ഭൂമി ഹൈവേയുടേയും മറ്റും വികസനത്തിനായി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാര തുക ലഭിക്കുന്നതിന് ദേവസ്വം ഭൂമികളുടെ ലാന്റ് രജിസ്റ്റർ, സെറ്റിൽമെന്റ് രജിസ്റ്റർ മുതലായവ ഹാജരാക്കിയാൽ തന്നെയും റീസർവ്വെ നിലവിൽ വന്നപ്പോൾ സർക്കാർ എന്ന വാക്കിന് പ്രാധാന്യം നൽകി റിക്കാർഡുകൾ തയ്യാറാക്കപ്പെട്ടതിനാൽ ടി ഭൂമികൾ ദേവസ്വത്തിന്റേതല്ലായെന്ന നിഗമനത്തിൽ നഷ്ടപരിഹാരം നിഷേധിക്കുന്ന സമീപനമാണ് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നത്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി സംരക്ഷണ രേഖകളുടെ സൂക്ഷിപ്പുകാർ, ക്ഷേത്ര ഭരണാധികാരികളായതിനാൽ, ഇക്കാര്യത്തിൽ ബോർഡിന്റെ അനുമതിയോടെ ക്ഷേത്രഭരണാധികാരികളാണ് തീരുമാനം എടുക്കുന്നത്. നഷ്ടപരിഹാരം ലഭിക്കുന്നതിനാവശ്യമായ രേഖകൾ ഗുരുവായൂർ ദേവസ്വം ബന്ധപ്പെട്ട land acquisition officer മുമ്പാകെ ഹാജരാക്കുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന് നഷ്ടപ്പെടുന്ന ഭൂമിയ്ക്ക് BTR മുതലായ ഔദ്യോഗിക രേഖകൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) മുമ്പാകെ സമർപ്പിച്ച് കോംപൻസേഷൻ ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. |
| (ബി) | നിലവിൽ പ്രസ്തുത നഷ്ടപരിഹാര തുക അതത് ദേവസ്വങ്ങൾക്കാണോ ക്ഷേത്രങ്ങൾക്കാണോ ലഭിക്കുന്നത്; | (ബി) | നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നഷ്ടപരിഹാരതുക ലഭിക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ലഭിക്കുന്ന നഷ്ടപരിഹാര തുക ബന്ധപ്പെട്ട ക്ഷേത്രത്തിന്റെ അക്കൗണ്ടിലേയ്ക്കാണ് വരവ് വയ്ക്കുന്നത്. ക്ഷേത്രത്തിലേയ്ക്ക് മുതൽക്കൂട്ടുന്ന വരവുകൾ അതാത് |

| | | | |
|---|---|---|---|
| | | | ക്ഷേത്രത്തിന്റെ ആവശ്യങ്ങൾക്കാണ് ചിലവഴിച്ച് വരുന്നത്. ഗുരുവായൂർ ദേവസ്വം ഭൂമിയുടെ നഷ്ടപരിഹാരം ഗുരുവായൂർ ദേവസ്വത്തിനാണ് ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന നഷ്ടപരിഹാര സംഖ്യ ഗുരുവായൂർ ദേവസ്വത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രഭൂമിയുടെ നഷ്ടപരിഹാര തുക, ഓരോ ക്ഷേത്രങ്ങൾക്കും പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിലില്ലാത്തതിനാൽ, കൊച്ചിൻ ദേവസ്വം ബോർഡിനാണ് ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന തുക ലാന്റ് അക്വസിഷൻ ഫണ്ട് ഇനത്തിൽ സ്ഥിര നിക്ഷേപമാക്കി സൂക്ഷിക്കുകയാണ് പതിവ്. ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി അസറ്റ് ക്രിയേഷൻ ആവശ്യങ്ങൾക്കായി ടി തുക ഉപയോഗിക്കുന്നു. |
| (സി) | പ്രസ്തുത തുക അതാത് ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി നൽകുന്നതിനു പ്രത്യേക നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നഷ്ടപരിഹാരതുക ലഭിക്കുന്നില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് ലഭിക്കുന്ന നഷ്ടപരിഹാര തുക ബന്ധപ്പെട്ട ക്ഷേത്രത്തിന്റെ അക്കൗണ്ടിലേയ്ക്കാണ് വരവ് വയ്ക്കുന്നത്. ക്ഷേത്രത്തിലേയ്ക്ക് മുതൽക്കൂട്ടുന്ന വരവുകൾ അതാത് ക്ഷേത്രത്തിന്റെ ആവശ്യങ്ങൾക്കാണ് ചിലവഴിച്ച് വരുന്നത്. ഗുരുവായൂർ ദേവസ്വം ഭൂമിയുടെ നഷ്ടപരിഹാരം ഗുരുവായൂർ ദേവസ്വത്തിനാണ് ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന നഷ്ടപരിഹാര സംഖ്യ ഗുരുവായൂർ ദേവസ്വത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിക്കുന്നത്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രഭൂമിയുടെ നഷ്ടപരിഹാര തുക, ഓരോ ക്ഷേത്രങ്ങൾക്കും പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിലില്ലാത്തതിനാൽ, കൊച്ചിൻ ദേവസ്വം ബോർഡിനാണ് ലഭിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന തുക ലാന്റ് അക്വസിഷൻ ഫണ്ട് ഇനത്തിൽ സ്ഥിര നിക്ഷേപമാക്കി സൂക്ഷിക്കുകയാണ് പതിവ്. ക്ഷേത്രങ്ങളുടെ ഉന്നമനത്തിനായി അസറ്റ് ക്രിയേഷൻ ആവശ്യങ്ങൾക്കായി ടി തുക ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ